**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.3051** **07/02/2018 -ൽ മറുപടിയ്ക്ക്**

## മങ്കട ഗവ.ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് പ്രദേശത്തെ ഒരു മദ്രസയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോളേജ് കെട്ടിട നിർമ്മാണം വൈകുന്നതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് കോളേജ് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) ഉണ്ട്. കോളേജ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കോളേജിന്റെ കെട്ടിട നിർമ്മാണം വൈകുന്നത് കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ ? | (ബി) ഉണ്ട്. നാളിതുവരെ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് KITCO 1,85,20,769.28 രൂപയുള്ള നിർമ്മാണപ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സീനിയോറിറ്റി പ്രകാരം ബില്ല് മാറി നൽകുന്ന രീതിയിലാണ് മങ്കട ഗവ.ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് 2014-ൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇക്കാരണത്താൽത്തന്നെ കരാറുകാരന് 09/03/2017-ൽ 75 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പണം കൊടുക്കുന്നതിനുള്ള ചുമതല കിറ്റ്കോയിൽ നിന്നും മാറ്റി PWD മുഖേനയാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**